പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3373 — 23.06.2014 -ൽ മറുപടിയ്ക്ക്

# അബ്കാരികൾ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | അബ്കാരികൾ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയ ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ ; | (എ) | എക്സൈസ് വകുപ്പിൽ 31/05/2014 ലെ കണക്ക് പ്രകാരം വിവിധയിനങ്ങളിൽ മുതലും പലിശയും കൂടിച്ചേർത്ത് 2367060962/- രൂപയാണ് അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നത്. ഇതിൽ മുതൽ തുക 669620858/- രൂപയാണ്. നികുതി കുടിശ്ശികയിൽ ഉൾപ്പെടുന്നത് കിസ്ത്, ട്രീ ടാക്സ്, ട്രാൻസ്പോർട്ട് പെർമിറ്റ് ഫീ, എക്സൈസ് ഡ്യൂട്ടി, ഗ്യാലനേജ് ഫീ etc എന്നീ ഇനങ്ങളിലാണ്. പലിശയിനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ളത് 1697440104/- രൂപയാണ്. |
| (ബി) | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) | അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് 2013 സെപ്റ്റംബർ മാസം മുതൽ "സ്പെഷ്യൽ ഡ്രൈവ് " കാലയളവായി പ്രഖ്യാപിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാനായി എല്ലാ ജില്ലാ ഡെപ്യൂട്ടി എക്സൈസ് |

കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മാത്രമല്ല 2013–14 സാമ്പത്തിക വർഷത്തെ റവന്യൂ റിക്കവറി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിനായി 2013 ഒക്ടോബർ 1–ാം തീയതി മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവ് റവന്യൂ റിക്കവറി ഊർജ്ജിതയത്ന കാലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും കുടിശ്ശിക പിരിവ് വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥമാരുടെ യോഗങ്ങൾ വിളിച്ചു കൂട്ടി അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഏറ്റവും കൂടുതൽ തുക കുടിശ്ശിക വരുത്തിയ അബ്കാരികളുടെ പേരുവിവരം വ്യക്തമാക്കുമോ? | (സി) | 10 ലക്ഷം രൂപയ്ക്ക് മുകളിൽ അബ്കാരി കുടിശ്ശിക വരുത്തിയിട്ടുള്ള 88 കുടിശ്ശിക കേസുകളാണ് ഉള്ളത്. ടി കുടിശ്ശികക്കാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്